LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടിപ്പുഴയിലെ തട്ടുപാറ തടയണയുടെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തതാണ്. 37.5% മാത്രം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന 108 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു. പൂതുരുത്തി തോട്ടിലെ പൂതുരുത്തി ക്രോസ്ബാറിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി നിലവിലെ കോസ്റ്റ് ഇൻഡെക്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള കുപ്പി നിർമ്മാതാക്കൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ**

166 (1953) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള കുപ്പി നിർമ്മാതാക്കൾ വിവിധ ലോബികളുടെ സഹായത്തോടെ വ്യാപകമായി കുഴൽകിണർ കുഴിക്കുന്നതും വളരെ ശക്തി കൂടിയ പമ്പ് ഉപയോഗിച്ച് ഭൂഗർഭജലം വലിച്ചെടുക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അതീവ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം കമ്പനികൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കുപ്പിവെള്ള നിർമ്മാണത്തിനായുള്ള സ്ഥാപനങ്ങൾക്ക് ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. മലിനീകരണ ബോർഡ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ അനുമതിയോടെ കർശന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എൻ.ഒ.സി. നൽകുന്നത്. നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ എൻ.ഒ.സി. റദ്ദാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്.

(സി) ഇത്തരം കമ്പനികൾക്കെതിരെ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് എൻ.ഒ.സി. റദ്ദാക്കുന്നതുൾപ്പെടെയുള്ള അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.